**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4341** **18-03-2025 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത കളിമൺ വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത മൺപാത്ര നിർമ്മാണ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ സംബന്ധിച്ച് പ്രത്യേകം വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ തൊഴിലുകൾ സംരക്ഷി ക്കുന്നതിനും, ആധുനികവൽക്കരിക്കു ന്നതിനും യന്ത്രവൽക്കരിക്കുന്നതിനുമായി വർക്ക് ഷെഡുകളുടെയും ചിമ്മിനികളുടെയും നിർമ്മാണത്തിനും നവീകരണത്തിനുമായി പിന്നാക്കവിഭാഗ വികസന വകുപ്പ് മുഖേന തിരിച്ചടവില്ലാത്ത ധനസഹായം നൽകി വരുന്നുണ്ട്.<br><br>കളിമണ്ണ് ഉൾപ്പടെ എല്ലാ ധാതു ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതിയോട്ടു കൂടിയുള്ള ഖനന പെർമിറ്റ് സമ്പാദിക്കണം എന്ന വ്യവസ്ഥ യുണ്ടെങ്കിൽ കൂടി പരമ്പരാഗത മൺപാത്ര തൊഴിലുമായി ബന്ധപ്പെട്ട ധാതു ഖനനം ചെയ്യുന്ന പ്രവർത്തിയെ പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ടുന്ന ഇനത്തിൽ നിന്നും കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഒഴിവാക്കിയിട്ടുള്ളതാണ്. അതുപോലെ തന്നെ പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്ക് പ്രതിവർഷം 50 മെടിക് ടൺ കളിമണ്ണ് റോയൽറ്റി ഒടുക്കാതെ തന്നെ നീക്കം ചെയ്യുന്നതിന് സ്പെഷ്യൽ ട്രാൻസിറ്റ് പാസ്സ് അനുവദിക്കുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലും ഇളവ് അനുവദിച്ചിട്ടുണ്ട്. പരമ്പരാഗത മൺപാത്ര തൊഴിലാളിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കി യാൽ പുരയിടം ഇനത്തിൽപെട്ട ഭൂമിയിൽ ഭൂവുടമയുടെ സമ്മത പത്രത്തോടെ, പ്രതിവർഷം 50 മെടിക് ടൺ കളിമണ്ണ് നീക്കം ചെയ്യുന്നതിന് നിലവിൽ അനുമതി നൽകി വരുന്നു. പെർമിറ്റ് സമ്പാദിക്കുവാനുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി മൈനിങ് & |

| | | | |
|---|---|---|---|
| | | | ജിയോളജി വകുപ്പും കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിങ് & എൻവയോൺമെന്റ് സെന്ററും (KSREC) കൂടി സംയുക്തമായി തൃശ്ശൂർ, കോഴിക്കോട് മലപ്പുറം ജില്ലകളിൽ KSIDC യുടെ സഹായത്തോടെ കളിമണ്ണ് ലഭ്യമാകുന്ന സ്ഥലങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | പരമ്പരാഗത കളിമൺ വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന കുടുംബങ്ങൾക്ക് കളിമൺ ഖനനം ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) | ‘എ’ പിരിവിലെ മറുപടി കണ്ടാലും. |
| (സി) | കളിമൺ ഖനനത്തിന് വില്ലേജ് ഓഫീസിൽ നിന്നും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസവും ജിയോളജി വകുപ്പിന്റെ പരിശോധനകളും വലിയ കടമ്പയായി മാറിയിരിക്കുന്നതിനാൽ കളിമൺ തൊഴിലാളികൾ മറ്റു തൊഴിലുകൾ തേടിപ്പോകാനിടയാകുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനായി കൃത്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ താമസംവിനാ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | കളിമൺപാത്രങ്ങൾക്ക് മുൻകാലത്തെ അപേക്ഷിച്ച് മാർക്കറ്റ് ലഭ്യമാകുന്നതിനാൽ മൺപാത്ര വ്യാപാരമേഖലയെ പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | പരമ്പരാഗത ഉൽപ്പന്നങ്ങളുടെ പ്രദർശന ത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ കീഴിലുണ്ട്.<br><br>കൂടാതെ പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് വ്യക്തിഗത ധനസഹായങ്ങളും വകുപ്പ് നൽകി വരുന്നുണ്ട്.<br><br>കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ആധുനീകവൽക്കരണം, കൂടുതൽ വിപണന സാധ്യത എന്നിവ ലക്ഷ്യമാക്കി കളിമൺ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗിനായി ‘മൺകുരൽ' എന്ന പേരിൽ ഒരു ഓൺലൈൻ പ്ലാറ്റ് ഫോം ആരംഭിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ ലോകമെമ്പാടുമുള്ള ഉപഭോക്താക്കളിൽ എത്തിക്കുന്നതിനോടൊപ്പം കൂടുതൽ വിപണി കണ്ടെത്തി പരമ്പരാഗത തൊഴിലാളികളുടെ ക്ഷേമത്തെ പിന്തുണയ്ക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു |

സെക്ഷൻ ഓഫീസർ